അപേക്ഷയിൽ സമ്പർക്കത്തിനുള്ള മേൽവിലാസമായി രേഖപ്പെടുത്തിയിരുന്നത് ടി. ജെ. ജോസ്, ഐ.പി.എസ്., ഡെപ്യൂട്ടി ഐ.ജി. തടത്തിലനിക്കൽ, ആറാമട, തിരുവനന്തപുരം എന്നാണ്. ഇദ്ദേഹം മുമ്പ് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ചീഫ് വിജിലൻസ് കം സെക്യൂരിറ്റി ഓഫീസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

(ബി) കോപ്പിയടി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ 1997-ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 6, സെക്ഷൻ 3 (XX), (XXI), (XXII) അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് പാലിക്കാറുള്ളത്. പ്രാഥമികമായി പരീക്ഷ സെന്ററിൽ നിന്നും ഇൻവിജിലേറ്ററുടെയും ചീഫ് സൂപ്രണ്ടിന്റെയും റിപ്പോർട്ട് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി സിൻഡിക്കേറ്റിനു സമർപ്പിക്കുകയാണ് നടപടി. ഈ കേസിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) പോലീസ് വകുപ്പിന് വിവരം നൽകിയില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) സിൻഡിക്കേറ്റ് ഉപസമിതി അന്വേഷണം നടത്തുന്നുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ വിഷയത്തിന്റെ ഗൗരവം അനുസരിച്ച് സിൻഡിക്കേറ്റ് അന്വേഷണം നടത്താറുണ്ട്. ഈ കേസിൽ അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ ശിക്ഷാനടപടികൾ തീരുമാനിച്ചിട്ടില്ല.

പബ്ലിക് ലൈബ്രറികൾക്കുള്ള സർക്കാർ ഗ്രാന്റ്

107 (T*3854) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര ലൈബ്രറികളുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ലൈബ്രറി ഗ്രാന്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. എന്തെല്ലാമാണെന്നും ലൈബ്രറികൾക്ക് ഗ്രേഡ് അടിസ്ഥാനത്തിൽ ഗ്രാന്റായി അനുവദിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അഫിലിയേഷൻ ലഭിച്ച 7801 പബ്ലിക് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2014-15 വർഷം ഗ്രന്ഥശാലാ സംഘത്തിൽ പങ്കെടുത്ത 5596 ലൈബ്രറികൾക്ക് സർക്കാർ ഗ്രാന്റ് നൽകിയിട്ടുണ്ട്.

---

*T മാർക്കിട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) എ മുതൽ എച്ച് വരെ ഓരോ ഗ്രേഡിനുമുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.

കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ

108 (3855) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായത് എന്ന് വിശദമാക്കുമോ ;

(ബി) നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ; ഈ തുക എന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എലവഞ്ചേരി, വണ്ടാഴി, അയിലൂർ, കൊടുവായൂർ, കൊല്ലങ്കോട്, മുതലമട, പുതുനഗരം, തിരുവാഴിയാട്, വടവന്നൂർ എന്നീ പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ താലൂക്ക് ഓഫീസുകൾ വഴിയും പ്രിൻസിപ്പൽ കൃഷി ആഫീസർ മുഖാന്തരവും ശേഖരിച്ചുവരുന്നു.

(സി) കൃഷി നശിച്ച വകയിൽ 44,82,960 രൂപയുടെയും വീടുകൾ ഭാഗികമായി തകർന്ന വകയിൽ 3,88,490 രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള പരിശോധന പൂർത്തിയാക്കി അർഹരായവർക്ക് ആശ്വാസ ധന/സഹായം ഉടനടി വിതരണം ചെയ്യുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly